بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 06.03.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*06.03.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നമ്മുടെ മനസ്സുകളുടെ പാതാളംവരെ അറിയുന്നവനായ അല്ലാഹു-നമ്മളെക്കുറിച്ച് എല്ലാ കാര്യങ്ങളും അറിയുന്നവനായ അല്ലാഹുവിനെ ഉപരിപ്ലവമായ കാര്യങ്ങൾകൊണ്ട് വഞ്ചിക്കാൻ സാധിക്കുകയില്ല. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അവൻ നല്ലതും ചീത്തയും വേർതിരിക്കുന്നവനാണ്. ചീത്തയായ കർമങ്ങൾ അവൻ സ്വീകരിക്കുകയില്ല. അതുകൊണ്ട് ഒരു മുഅ്മിൻ ഏറെ ചിന്തിക്കേണ്ട സ്ഥാനമാണിത്. തന്റെ നാളെയെക്കുറിച്ച് ചിന്തിക്കുക. അവിടെയാണല്ലോ കർമങ്ങളുടെ കണക്കെടുപ്പുണ്ടാകുന്നത്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് സൂറ ഹശ്റിലെ പത്തൊമ്പതാമത്തെ വചനം തിലാവത്ത് ചെയ്തു. **യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വൽത്തൻളുർ നഫുസ്സുമ്മാ ഖദ്ദമത് ലിഗദ് വത്തഖുല്ലാഹ് ഇന്നല്ലാഹ ഖബീറുൻബിമാ തഅ്മലൂൻ വലാ തകൂനൂ കല്ലദീന നസുല്ലാഹ ഫ അൻസാഹും അൻഫുസഹും ഉലായിക്ക ഹുമുൽഫാസിഖൂൻ** സൂറ ഹശ്റിലെ രണ്ടു വചനങ്ങളാണിത്. ഇതിന്റെ തർജമ ഇപ്രകാരമാണ്. വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്കുവേണ്ടി താൻ ഒരുക്കി വെച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചുനോക്കട്ടെ.നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു. ഒരു കൂട്ടർ അല്ലാഹുവിനെ വിസ്മരിച്ചു. അതിനാൽ അവൻ അവർക്ക് തങ്ങളെത്തന്നെ വിസ്മരിപ്പിച്ചു കളഞ്ഞു. നിങ്ങൾ അവരെപ്പോലെയാകരുത്. അവർ തന്നെയാണ് ആജ്ഞാലംഘകർ.(59:19,20)

പൊതുവെ കാണപ്പെടുന്നത് എല്ലാ തിന്മകളുടേയും പാപങ്ങളുടേയും വേര് ആ തിന്മകളേയും പാപങ്ങളേയും നിസാരമായി മനസ്സിലാക്കി അവയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കാത്തതാണ്. അല്ലെങ്കിൽ അതിലേക്ക് ശ്രദ്ധിക്കാത്തതാണ്. പക്ഷേ, ഇതേ സൂക്ഷ്മതയില്ലായ്മ പിന്നീട് മനുഷ്യനെ വലിയ പാപങ്ങളിൽ അകപ്പെടുത്തുന്നു. കാരണം മനുഷ്യൻ പിന്നീട് മെല്ലെ മെല്ലെ നന്മകൾ മറന്നു പോകുന്നു. ഒരു സത്യവിശ്വാസി കരസ്ഥമാക്കേണ്ടതായ നന്മയുടെ നിലവാരങ്ങളെ മറന്നുപോകുന്നു. അല്ലാഹുവിനോടുള്ള ഭയം കുറഞ്ഞുപോകുന്നു. ഈ വചനങ്ങളിൽ അല്ലാഹു മുഅ്മിനിംകളോട് വലിയ ശക്തിചെലുത്തിക്കൊണ്ട് പറഞ്ഞു: 'ഇന്നത്തെ കുറിച്ചും ഈ ലോകത്തെ കുറിച്ചും കളിതമാശകളെ കുറിച്ചും സുഖങ്ങളേയും ആനന്ദങ്ങളേയും ബന്ധുമിത്രാദികളേയും സുഹൃത്തുക്കളേയും കുറിച്ചും മാത്രം ചിന്തിക്കാതിരിക്കുക. ചിന്തിക്കേണ്ട കാര്യം നിങ്ങളുടെ നാളേയെ കുറിച്ചാണ്. നിങ്ങളുടെ അസൽ മുൻഗണനയും ചിന്തയും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ നിലവാരവും അവനോടുള്ള ഭക്തി കരസ്ഥമാക്കലും ആയിരിക്കേണ്ടതാണ്. മരണത്തിനുശേഷമുള്ള ജീവിതത്തിലും കണക്കെടുപ്പിലുമുള്ള ഈമാൻ നിങ്ങളുടെ ചിന്തയുടെ കേന്ദ്രമായിരിക്കേണ്ടതാണ്. ഇതുണ്ടെങ്കിൽ നിങ്ങളുടെ യഥാർഥ സൽസ്വഭാവങ്ങൾ അഭിവൃദ്ധിപ്പെടുന്നതായിരിക്കും. അത് കേവലം ഉപരിപ്ലവമായ സ്വഭാവമായിരിക്കുകയുമില്ല. പ്രത്യുത അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയുള്ളതായിരിക്കും. 'നാളേ'യിലേക്ക് ദൃഷ്ടി ഉള്ളപ്പോളായിരിക്കും നിങ്ങളുടെ ആത്മീയാഭിവൃദ്ധിയും മുഅ്മിനാണെന്നുള്ള വാദവും യഥാർഥമാകുന്നത്. നിങ്ങളുടെ ദൃഢപരവും നിസ്വാർഥവും സത്യത്തിലധിഷ്ഠിതവുമായ അല്ലാഹുവിലുള്ള വിശ്വാസം അവന്റെ ദൃഷ്ടിയിൽ യാഥാർഥ്യമാകുന്നത് 'നാളെയേ' മുന്നിൽവെച്ചുകൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്കായി പരിശ്രമിക്കുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ്.

അല്ലാഹുവിന്റെ ഈ കല്പനയെ നമ്മളിൽ ഓരോരുത്തരും വലിയ ചിന്തയോടും ശ്രമത്തോടുംകൂടി മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിനോട് തഖ്‌വ അവലംബിച്ചുകൊണ്ട് നാം നമ്മുടെ കർമങ്ങളിലും നമ്മുടെ 'നാളെ' സുവർണമാകുന്ന കാര്യങ്ങളിലും ദൃഷ്ടി പതിപ്പിക്കുക. നമ്മുടെ മനസ്സുകളുടെ പാതാളംവരെ അറിയുന്നവനായ അല്ലാഹു-നമ്മളെക്കുറിച്ച് എല്ലാ കാര്യങ്ങളും അറിയുന്നവനായ അല്ലാഹുവിനെ ഉപരിപ്ലവമായ കാര്യങ്ങൾകൊണ്ട് വഞ്ചിക്കാൻ സാധിക്കുകയില്ല. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അവൻ നല്ലതും ചീത്തയും വേർതിരിക്കുന്നവനാണ്. ചീത്തയായ കർമങ്ങൾ അവൻ സ്വീകരിക്കുകയില്ല. അതുകൊണ്ട് ഒരു മുഅ്മിൻ ഏറെ ചിന്തിക്കേണ്ട സ്ഥാനമാണിത്. തന്റെ നാളെയെക്കുറിച്ച് ചിന്തിക്കുക. അവിടെയാണല്ലോ കർമങ്ങളുടെ കണക്കെടുപ്പുണ്ടാകുന്നത്. അവിശ്വാസികളെപ്പോലെ നമ്മൾ ഈ ലോകംതന്നെയാണ് എല്ലാമെന്ന് കരുതരുത്. എന്നല്ല യഥാർഥ വിജയങ്ങളെ കരസ്ഥമാക്കുന്നതിനുവേണ്ടി ഭക്തിയുടെ വഴിയിലൂടെ നടക്കുക. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)പറയുന്നു:'ഇഹലോകത്തും പരലോകത്തും വിജയിക്കുന്നതിനുള്ള ഒരു സൂത്രം അല്ലാഹു പറഞ്ഞിരിക്കുന്നു. അതായത് മനുഷ്യൻ നാളെയെക്കുറിച്ച് ഇന്ന് ചിന്തിക്കുക. അതുമുഖേന ദുൻയാവിലും അലങ്കാരമുണ്ടാകും പരലോക ജീവിതത്തിലും അലങ്കാരമുണ്ടാകും. വിശുദ്ധ ഖുർആനിന്റെ അധ്യാപനമായ **വൽത്തൻളുർ നഫ്സുമ്മാ ഖദ്ദമത് ലിഗദ്** അനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് മനുഷ്യൻ ഇഹലോകത്ത് വിജയിക്കുന്നുവെന്ന് മാത്രമല്ല പരലോകത്തും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തേജസ്വിയായിത്തീരുന്നു. ഇന്നുമുതൽതന്നെ ആ ദാറുൽഖരാറിനുവേണ്ടി(വി:ഖു: 40:40)-ശാശ്വത ജീവിതത്തിനുള്ള വീടിനുവേണ്ടി തയ്യാറെടുപ്പ് തുടങ്ങാത്തിടത്തോളം പരലോകത്തേക്കുവേണ്ടിയുള്ള ജീവിതസമ്പത്ത് സ്വരുക്കൂട്ടാൻ നമുക്കൊരിക്കലും സാധ്യമല്ല.' ഇതുസംബന്ധമായി ഞാൻ ഇതുംകൂടി പറയാനാഗ്രഹിക്കുകയാണ്. ഈ ഖുർആനിക വചനം നിക്കാഹിന്റെ ഖുത്ബകളിലും നമ്മൾ ഓതാറുണ്ട്. നിക്കാ

ഹിന്റെ ഖുത്ബയിൽ ഓതുന്ന ഖുർആനിക വചനങ്ങളിൽ അല്ലാഹു വിവിധകാര്യങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതായത് കുടുംബബന്ധങ്ങളെ ശ്രദ്ധിക്കുക, ഈ ബന്ധത്തോടെ ഉണ്ടാകാൻ പോകുന്ന ഉത്തരവാദങ്ങളിലേക്കും ശ്രദ്ധിക്കുക, സത്യത അവലംബിക്കുക, അതുമുഖേന സൽകർമങ്ങൾ ചെയ്യാനും വിവാഹബന്ധം നിറവേറ്റാനുമുള്ള തൗഫീഖ് കിട്ടിക്കൊണ്ടിരിക്കും, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിലൂടെ നടന്നാൽ അതിലാണ് നിങ്ങളുടെ വിജയകരമായുള്ള ജീവിതമുള്ളത് തുടങ്ങിയ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു.

തങ്ങളുടെ വീടുകളെ ചെറിയ ചെറിയ കാര്യങ്ങളുടെപേരിൽ നശിപ്പിച്ചുകൊണ്ടിരിക്കുന്ന വീട്ടുകാരോ കുടുംബക്കാരോ അല്ലാഹുവിന്റെ കല്പനകളിൽ ചിന്തിക്കുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും ആയിത്തീരുകയാണെങ്കിൽ സ്വന്തം വീട്ടുകാരുടെ സമാധാനത്തിന് ജാമ്യക്കാരനായിത്തീരുന്നതാണ്. തങ്ങളുടെ കുട്ടികൾക്ക് ശരിയായ തർബിയ്യത്ത് കൊടുക്കുന്നവരും അവരെ തഖ്‌വയിൽ നടത്തുന്നതിലേക്ക് വഴികാട്ടുന്നവരും അവരുടെ ജീവിതങ്ങൾ നന്നാക്കുന്നവരും ആയിത്തീരുമെന്ന് മാത്രമല്ല അല്ലാഹുവിന്റെ പാരിതോഷികങ്ങൾ ഈ ലോകത്തും പരലോകത്തും കരസ്ഥമാക്കുന്നവരും ആയിത്തീരുന്നതാണ്. അടുത്ത തലമുറ നിങ്ങളുടെ മാത്രം മക്കളല്ല. പ്രത്യുത ജമാഅത്തിന്റേയും ജനതയുടേയും മൂലധനമാണ്. അവർക്ക് നേരായ വഴി കാട്ടുക മാതാപിതാക്കളുടെ ജോലിയാണ്. ഇത് നിവർത്തിയാകുന്നത് മാതാപിതാക്കൾ തങ്ങളെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നവരാകുമ്പോഴാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

നമ്മുടെ ജീവിതത്തിൽ അത്തരം ഒരുപാട് സംഭവങ്ങൾ വരുന്നുണ്ട്. നമ്മൾ തഖ്‌വയോടുകൂടി പ്രവർത്തിക്കാതിരിക്കുകയും ആഖിറത്തിലേക്ക് ദൃഷ്ടി പതിപ്പിക്കാതിരിക്കുകയും ഈ ലോകത്തെ മാധ്യമങ്ങളേയും ആവശ്യങ്ങളേയുംതന്നെ എല്ലാമായിട്ട് മനസ്സിലാക്കുകയും ഭൗതികസഹായങ്ങളെ അല്ലാഹുവിന്റെ സഹായങ്ങളുടെമേൽ അറിയാത്ത നിലയിൽ മുന്തിക്കുകയും ചെയ്യുമ്പോൾ സ്വന്തം ബലഹീനതകളും അയോഗ്യതകളും അലസതകളും കാരണത്താൽ ഇഹലോകഭാവിയേയും ഈ ലോകത്തെ നമ്മുടെ 'നാളെയേയും' നശിപ്പിക്കുകയാണ് ചെയ്യുന്നത്. അടുത്ത ലോകത്തെ നാളെയേയും അവഗണിച്ചുകളയുകയാണ് ചെയ്യുന്നത്. ഇതിന് എത്ര ഭയാനകമായ ഫലങ്ങളാണുണ്ടാകുന്നതെന്ന് ചിന്തിക്കുന്നില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ഒരിക്കൽ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ പറയുകയുണ്ടായി: 'മുഅ്മിൻ ചെയ്യേണ്ടത് പ്രവർത്തിക്കുന്നതിനുമുമ്പേ അതിന്റെ പരിണതിയെ കുറിച്ച് ചിന്തിക്കുക എന്നതാണ്. അതായത് അതിന്റെ ഫലമെന്തായിരിക്കുമെന്ന്.' പറയുന്നു: 'കോപമുണ്ടാകുമ്പോൾ മനുഷ്യൻ കൊല്ലാൻ മുതിരുന്നു. ചീത്ത വിളിക്കുന്നു. എന്നാൽ, അതിന്റെ ഫലമെന്തായിരിക്കുമെന്ന് ചിന്തിക്കുക. ഈ യാഥാർത്ഥ്യത്തെ മുന്നിൽ വെക്കുകയാണെങ്കിൽ തഖ്‌വയിൽ പദമൂന്നാൻ തൗഫീഖ് കിട്ടുന്നതാണ്. നമ്മൾ നോക്കുകയാണെങ്കിൽ എല്ലാ തിന്മകളും എല്ലാ പാപങ്ങളും ഉണ്ടാകുന്നത് അത് ചെയ്യുന്ന നേരത്ത് നമ്മുടെ മനസ്സിൽ പിന്മാറിക്കളയുന്ന ഒരു ദുർബോധകൻ ഉള്ളിലേക്ക് വന്നിട്ടുള്ളതുകൊണ്ടാണെന്നും ശയ്ത്വാൻ നുഴഞ്ഞു കയറിയിട്ടുള്ളതുകൊണ്ടാണെന്നും കാണാം. ഫലങ്ങളെ കുറിച്ച് കൂസലില്ലാതെ പ്രവർത്തിക്കുന്നു. ഇവിടെ അല്ലാഹു വിശ്വാസി എന്ന് വാദിക്കുന്നവരോട് പറയുന്നു: 'നാളെ' യിലേക്ക് ദൃഷ്ടി വെക്കുന്നു എന്നതാണ് മുഅ്മിന്റെ അടയാളം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ഫലങ്ങളിൽ അല്ലെങ്കിൽ നാളെയിൽ എങ്ങനെയാണ് ദൃഷ്ടി വെക്കേണ്ടത് എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: 'ഖബീറും അലീമുമായ ഒരു രാജാവുണ്ടെന്നും അവൻ എല്ലാതരത്തിലുള്ള നീചപ്രവർത്തിയും ചതിയും വഞ്ചനയും മടിയും അലസതയും കാണുന്നുവെന്നും അതിനു പകരം നന്മ ചെയ്താൽ രക്ഷപ്പെടാൻ കഴിയുമെന്നും വിശ്വസിക്കുക.' അവിടന്ന് പറഞ്ഞു:'അത്തരം ഈമാൻ ഉണ്ടാക്കുക. ഭൗതിക കാര്യങ്ങളിലും അലസത കാണിക്കുകയും അതിനോടുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്യുന്ന ധാരാളമാളുകളുണ്ട്. അതിന്റെ അർഥം അവരും തങ്ങളുടെ നാളെയെ നശിപ്പിച്ചുവെന്നാണ്. അവർ കരസ്ഥമാക്കിയ തങ്ങളുടെ ഭക്ഷണവും ഹലാലാകുന്നില്ല. അത് വഞ്ചനയുടെ ഭക്ഷണമാണ്. നമ്മുടെ നാളെയിലേക്ക് ദൃഷ്ടിപതിപ്പിക്കാൻ പറയുന്ന ഈ ആയത്ത് വളരെ വിശാലത ഉൾക്കൊള്ളുന്നതാണ്. നിസാരമായ ദൗർബല്യങ്ങളിലേക്കും പാപങ്ങളിലേക്കുംപോലും ഉയരുന്ന ഒരു യഥാർഥ മുഅ്മിന്റെ പാദങ്ങൾ പിന്നാക്കംപിടിച്ച് ഓരോ ചുവടിലും അവനെ തടയുന്നു.

മുഅ്മിനോട് നാളെയിൽ ദൃഷ്ടി പതിപ്പിക്കുക എന്ന് പറഞ്ഞ് അവന്റെ നിസാരമായ വീട്ടുകാര്യങ്ങൾ മുതൽ അവന്റെ സാമൂഹികമായ വ്യാപാര,രാഷ്ട്രീയ, ആഗോള സംബന്ധമായ എല്ലാ കാര്യങ്ങളിലും തഖ്‌വയിലൂടെ നടക്കാൻ പറഞ്ഞു. തഖ്‌വയിലൂടെ നടക്കാത്തവൻ അല്ലാഹുവിന്റെ പിടിത്തത്തിൽ വരുമെന്ന് ഓർക്കേണ്ടതാണ്. ഭൗതിക കാര്യങ്ങൾക്ക് മതവുമായി ഒരു ബന്ധവുമില്ലെന്ന് മനുഷ്യൻ മനസ്സിലാക്കാൻ പാടില്ല. മുഅ്മിനോട് തഖ്‌വയിൽ നടക്കാനാണ് കല്പനയുള്ളത്. തഖ്‌വയിൽ ദീനീപരവും ദുൻയാവുപരവമായ എല്ലാ ജോലികളേയും അല്ലാഹുവിന്റെ നിർദേശമനുസരിച്ച് അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. വഞ്ചിച്ച് നേട്ടമുണ്ടാക്കുന്ന ഏതൊരു രീതിയും ദീനിൽനിന്നും ഈമാനിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണെന്ന് ഓർക്കേണ്ടതാണ്. ബാഹ്യമായിട്ടുള്ള ഈ ഭൗതികകാര്യം ദീനീപരമായ പരീക്ഷണമായി ഭവിക്കുന്നതാണ്. ഞാൻ ആദ്യമെ പറഞ്ഞതുപോലെ പതുക്കെപ്പതുക്കെ ദീനിൽനിന്നും അല്ലാഹുവിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നു. അതുകൊണ്ട് ഈമാനിന്റെ പരീക്ഷണം ഭൗതികമായ പരീക്ഷണത്തെക്കാൾ വളരെ കൂടുതലാണെന്ന കാര്യം ഒരു മുഅ്മിൻ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ഇതിന്റെ ഫലമായി ദുൻയാവും പരലോകവും രണ്ടും നശിച്ചുപോകുന്നു.

അതുകൊണ്ട് നമ്മൾ ഈ വിചാരത്തോടുകൂടി നമ്മുടെ മനസ്സുകളെ അവലോകനം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. തന്റെ എല്ലാ ജോലിയിലും അല്ലാഹുവിന്റെ ദൃഷ്ടിയുള്ളതുകൊണ്ട് ഓരോ പ്രവൃത്തിയുടേയും പര്യവസാനത്തിൽ ദൃഷ്ടി വെക്കേണ്ടതാണ്. നമ്മളിൽ ഓരോരുത്തരും ഇത്തരം ചിന്താഗതിയോടുകൂടി നമ്മുടെ നിർബന്ധ കടമകളും ഉത്തരവാദങ്ങളും നിറവേറ്റുകയാണെങ്കിൽ, അതിനുവേണ്ടി ശ്രമിക്കുകയാണെങ്കിൽ ജമാഅത്തിന്റെ മൊത്തത്തിലുള്ള തഖ്‌വയുടെ നിലവാരവും ഉയരുന്നതായിരിക്കും. ഈ തഖ്‌വയുടെ നിലവാരം ഉയർന്ന്, ജമാഅത്തുപരമായ നിലയിലും അത് തന്നത്താൻ കാണാൻ തുടങ്ങുന്നതായിരിക്കും. തർബിയ്യത്ത് വകുപ്പിനും ബുദ്ധിമുട്ടുകളുണ്ടാകുകയില്ല, പ്രശ്നങ്ങളുണ്ടാകുകയില്ല. ഉമൂറെ ആമായ്ക്കും ഖളായ്ക്കും പ്രശ്നങ്ങളുണ്ടാകുകയില്ല. മറ്റു വകുപ്പുകൾക്കും ഓർമിപ്പിക്കേണ്ട ആവശ്യം വരികയില്ല. ചിന്തിക്കേണ്ടിയും വരികയില്ല.

സ്വന്തം മനസ്സുകളെ എപ്പോഴും രാവിലെയും വൈകുന്നേരവും അവലോകനം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് മനസ്സിനെ രക്ഷപ്പെടുത്താൻ കഠിനമായ പരിശ്രമത്തിന്റെ ആവശ്യമുണ്ട്. നമ്മൾ ആത്മപരിശോധന നടത്തുകയാണെങ്കിൽ തന്റെ പ്രവർത്തനം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുവെന്നും അതിന്റെ അനന്തരഫലം എന്തായിരിക്കു

മെന്നും ചിന്തിക്കാത്തവരാണ് അധികംപേരുമെന്ന് കാണാം. ഇതെല്ലാം ഉണ്ടാകുന്നത് ശയ്ത്വാൻ മനുഷ്യന്റെ രക്തത്തോടൊപ്പം അവന്റെ ശരീരത്തിൽ ചംക്രമണം നടത്തിക്കൊണ്ടിരിക്കുന്നതാണെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. ഒരുപാട് രോഗങ്ങൾ ഇതുകൊണ്ട് മനുഷ്യന് നഷ്ടമുണ്ടാക്കുന്നു. അതായത് ഏതെങ്കിലും കാരണത്താൽ ഇൻഫെക്ഷൻ ഉണ്ടാകുന്നു. ശരീരത്തെ ബാധിക്കുകയും രക്തത്തിൽ ചംക്രമണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. പതുക്കെപ്പതുക്കെ വ്യാപിച്ച് ഒരു നേരമെത്തുമ്പോൾ വളരെയധികം ശക്തി ചെലുത്താൻ തുടങ്ങുന്നു. എന്നാൽ ഇക്കാലത്ത് ഏറ്റവും അപകടകരമായ കാര്യം ആത്മീയരോഗങ്ങളാണ്. ആത്മീയമായ രോഗങ്ങളെക്കൊണ്ട് അന്തരീക്ഷം നിറഞ്ഞിരിക്കുന്നു. എപ്പോഴാണ് തങ്ങളുടെ രക്തത്തിൽ ശയ്ത്വാൻ കടന്നതെന്നും ആത്മീയരോഗം വർധിപ്പിക്കാൻ തുടങ്ങിയതെന്നും മനുഷ്യന് അറിയാനെ കഴിയുന്നില്ല. എന്നാൽ, ശയ്ത്വാൻ രക്തത്തിൽ കറങ്ങുന്നതുകൊണ്ട് ഉണ്ടാകുന്ന രോഗം ശാരീരിക രോഗത്തെ അപേക്ഷിച്ച് കൂടുതൽ അപകടകരമാണ്. അതായത് ശാരീരിക രോഗം കൊണ്ട് ശരീരത്തിൽ ലക്ഷണങ്ങൾ പതിയാൻ തുടങ്ങുന്നു. മനുഷ്യന് സ്വയം അത് അനുഭവപ്പെടുന്നു. അവൻ ഡാക്ടറുടെ അടുക്കൽ പോകുന്നു. തനിക്ക് രോഗമാണ്, മരുന്നുതരൂ എന്ന് പറയുന്നു. പക്ഷേ, ആത്മീയരോഗം അപകടകരമാകുന്നത് അല്ലാഹുവിൽനിന്ന് മനുഷ്യൻ അകലുകയും ശയ്ത്വാന്റെ ആക്രമണത്തിനുകീഴിൽ വരികയും ചെയ്യുമ്പോഴാണ്. അപ്പോഴും താൻ രോഗിയാണെന്ന് അവൻ മനസ്സിലാക്കുന്നില്ല. മറിച്ച് ആരോഗ്യവാനാണെന്ന് തന്നെ മനസ്സിലാക്കുന്നു. പക്ഷേ, അവന്റെ സുഹൃത്തുക്കൾക്കും അവനോട് സഹതാപമുള്ളവർക്കും അത് മനസ്സിലാകുന്നതാണ്. അവർ അവന് അത് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. ആർക്കാണോ രോഗം മൂർദ്ധന്യാവസ്ഥയിലെത്തിയിട്ടുള്ളത് അവൻ തന്റെ ബന്ധുക്കളേയും സുഹൃത്തുക്കളേയും തെറ്റായിട്ട് കരുതുന്നു. തന്റെ സുഹൃത്ത് തന്നോടു പറയുന്നത് തെറ്റാണെന്നും താൻ തികച്ചും നല്ലവനാണെന്ന് സ്വയം ധരിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് സത്യവിശ്വാസി രോഗം ആക്രമിക്കുന്നതിനെക്കാൾ മുമ്പേ ആത്മപരിശോധനനടത്തിക്കൊണ്ട് പ്രതിരോധസംരക്ഷണകർമം ആരംഭിക്കേണ്ടതാണ്. ഈ സമൂഹാന്തരീക്ഷത്തിൽ ആത്മീയരോഗങ്ങൾ വ്യാപിച്ചിരിക്കുന്നു. അതിനാൽ സ്വയം രക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങളുടെ ആവശ്യമുണ്ട്. സ്ഥിരമായ ചികിത്സയുടെ ആവശ്യമുണ്ട്. പ്രതിരോധസംരക്ഷണത്തിന്റേയും ആവശ്യമുണ്ട്. എപ്പോഴും ഓർമ വെക്കേണ്ടതാണ്, മുഅ്മിൻ ഒരിക്കലും അല്ലാഹുവിനോട് ഭയവും പേടിയും ഇല്ലാത്തവനായിരിക്കുകയില്ല. ഇല്ലാത്തവനായിരിക്കാനും പാടില്ല. നബി(സ) തിരുമേനിയെ കുറിച്ച് നിവേദനങ്ങളിൽ വന്നിട്ടുണ്ട്, അവിടന്ന് രാത്രിയിൽ എഴുന്നേല്ക്കുമ്പോൾ അങ്ങേയറ്റം താഴ്മയോടും വിനയത്തോടും ദുആ ചെയ്യുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ) നബി(സ)തിരുമേനിയുടെ ഈ അവസ്ഥ കണ്ടിട്ട് ചോദിച്ചു: അങ്ങയ്ക്ക് അല്ലാഹു എല്ലാം മാപ്പാക്കിത്തന്നിരിക്കുകയാണ്. അപ്പോൾ അങ്ങ് ഇത്ര അസ്വസ്ഥനാകേണ്ട ആവശ്യമെന്താണ്. ഇത്രമാത്രം ഭയന്ന് താങ്കൾക്കുവേണ്ടി എന്തിനാണിങ്ങനെ ദുആ ചെയ്യുന്നത്? ഇത്ര ഭയമെന്തിനാണ്? എന്നല്ല മനുഷ്യന്റെ രക്തത്തിൽ ശയ്ത്വാനുണ്ടെന്നും അങ്ങ് പറഞ്ഞിരുന്നു. നബി(സ)തിരുമേനി പറഞ്ഞു:'എന്റെ ശയ്ത്വാൻ മുസൽമാനായിരിക്കുന്നു. അതായത് ഏതെങ്കിലും ആത്മീയരോഗത്തിന്റെ ആക്രമണം ഉണ്ടാകുന്ന പ്രശ്നമേയില്ല. അവിടന്ന് പറഞ്ഞു: എന്റെ മോക്ഷവും അല്ലാഹുവിന്റെ അനുഗ്രഹത്താലാണുണ്ടാകുക. എനിക്കും എപ്പോഴും അവന്റെ മുമ്പിൽ കുനിഞ്ഞിരിക്കേണ്ട ആവശ്യമുണ്ട്. നബി(സ)തിരുമേനി ഇങ്ങനെയൊക്കെയായിരുന്നിട്ടും ഇത്രമാത്രം ദൈവഭയം പ്രകടിപ്പിക്കുമ്പോൾ തനിക്ക് എല്ലാ സമയവും എല്ലാ ജോലിയിലും 'നാളേ'യിലേക്ക് ദൃഷ്ടിപതിപ്പിക്കേണ്ട ആവശ്യമില്ലെന്നും ജോലി ചെയ്തതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും ആർക്കാണ് പറയാൻ കഴിയുക. അതിനാൽ എപ്പോഴും കരുതലോടെയും തഖ്വയിലൂടെ നടന്ന് തങ്ങളുടെ ജോലികളേയും അവസ്ഥകളേയും പരിശോധിച്ചും അല്ലാഹുവിനോട് അവന്റെ കരുണ ചോദിച്ചും ഈമാൻ എങ്ങനെ രക്ഷിക്കും എന്ന് ചിന്തിച്ചും ഇരിക്കേണ്ട ആവശ്യമുണ്ട്. ഞാൻ ഓതിയ അടുത്ത വചനത്തിൽ അല്ലാഹുവിനെ മറന്നവരെപ്പോലെ നിങ്ങളാകരുതെന്നും പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പിന്നീട് അല്ലാഹു അവർക്ക് തങ്ങളെത്തന്നെമറപ്പിച്ചു കളയുന്നതാണ്.

പൊതുവെ മനുഷ്യൻ മൂന്നു രീതിയിലാണ് അല്ലാഹുവിനെ മറക്കുന്നത്. അല്ലെങ്കിൽ അല്ലാഹുവിൽനിന്ന് അകന്നിട്ടുള്ള മൂന്നു തരത്തിലുള്ള ആളുകളെയാണ് നമ്മൾ പൊതുവെ ലോകത്ത് കാണുന്നത്. ഒരുകൂട്ടർ അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരാണ്. ധിക്കാരത്തോടെ പറയുന്നു, അല്ലാഹു എന്നൊന്ന് ഇല്ലെന്ന്. ഇക്കാലത്തെ വലിയൊരു വിഭാഗമാളുകൾ ഈ ചിന്താഗതിയിൽ നില്ക്കുന്നവരാണ്. അവർ തങ്ങളെ വിദ്യാസമ്പന്നരായിട്ടാണ് പറയുന്നത്. തങ്ങളുടെ പഠിത്തത്തിൽ വലിയ നടിപ്പാണ്. ഇക്കൂട്ടർ മാധ്യമങ്ങളിലൂടേയും ഇന്റർനെറ്റിലൂടേയും മറ്റു പല മാർഗങ്ങളിലൂടേയും യുവാക്കളേയും പക്വത ഇല്ലാത്തവരേയും സ്വന്തം ചിന്താഗതികളാൽ വിഷമയമാക്കിക്കൊണ്ടിരിക്കുന്നു.

രണ്ടാമത്തെ കൂട്ടർക്ക് യഥാർഥവും സത്യസന്ധവുമായ വിശ്വാസം സർവശക്തനായ അല്ലാഹുവിൽ ഇല്ല. അവന്റെ മുമ്പിൽ ഒരു നാൾ ഹാജരാകേണ്ടതാണ്. തങ്ങളുടെ കർമങ്ങൾക്ക് മറുപടി പറയേണ്ടതാണ്. ഒരു ദൈവമുണ്ട്, അവൻ ലോകത്തെ സൃഷ്ടിച്ചവനാണ്, അവനു വിധേയമായി ഒരു വ്യവസ്ഥിതി നടന്നു വരുന്നു എന്നൊക്കെ അംഗീകരിക്കുന്നുണ്ടെങ്കിലും ആ പറയുന്നതനുസരിച്ച് പ്രവർത്തനങ്ങളില്ല.

മൂന്നാമത്തെ വിഭാഗമാളുകൾ ഭൗതിക കെട്ടുപാടുകളിൽ എത്രത്തോളം മുങ്ങിയിരിക്കുന്നുവെന്നാൽ അല്ലാഹുവിനെ മറന്നുതന്നെ പോയിരിക്കുന്നു. എപ്പോഴെങ്കിലും ചിന്തയുണ്ടായാൽ നമസ്കരിക്കുകയും ചെയ്യും. ദുആയും ചെയ്യും. പക്ഷേ, കൃത്യനിഷ്ഠയോടെയില്ല. അല്ലാഹു സത്യവിശ്വാസികൾക്ക് അഞ്ചുനേര നമസ്കാരം നിർബന്ധമാക്കിയിരിക്കുന്നു എന്ന ചിന്തയൊന്നുമില്ല. എന്തായാലും ആരാണോ അല്ലാഹുവിനെ വിസ്മരിച്ചുകളയുന്നത് അവൻ അവസാനം ഈ അവസ്ഥയിൽ എത്തിച്ചേരുമെന്നത് സുദൃഢമായ കാര്യമാണ്. അവിടെ അവരുടെ സ്വഭാവപരമായ അധഃപതനവും ഉണ്ടാകുന്നു. ആത്മീയാധഃപതനവും ഉണ്ടാകുന്നു. അവസാനം മനസ്സമാധാനവും പൊയ്പ്പോകുന്നു. ഭൗതിക ജോലികളിൽ അവർക്ക് നേട്ടങ്ങളുണ്ടെന്നാണ് അവർ മനസ്സിലാക്കിയത്. അതുകൊണ്ട് അത് ആദ്യം ചെയ്യുക. അല്ലാഹുവിനോടുള്ള കടമ പിന്നീട് നിറവേറ്റിക്കൊണ്ടിരിക്കുന്നതാണ്. കാരണം ഭൗതികനേട്ടങ്ങളിൽ പ്രത്യക്ഷത്തിൽ അവർക്ക് സുഖവും ആനന്ദവും പെട്ടെന്ന് കാണാൻ കഴിയുന്നു. പക്ഷേ, അല്ലാഹു പറഞ്ഞത് അത്തരക്കാരോട് അല്ലാഹുവും അങ്ങനെതന്നെ പെരുമാറുമെന്നാണ്. അതായത് **ഫഅൻസാഹും അൻഫുസഹും** അല്ലാഹു അവർക്ക് തങ്ങളെത്തന്നെമറപ്പിച്ചു കളഞ്ഞു. അത്തരക്കാർക്ക് ഒരിക്കലും മനഃസമാധാനം ഉണ്ടാകുകയില്ല.

അതിനാൽ മുഅ്മിനീംകളോട് അല്ലാഹു പറയുന്നു: യഥാർഥമായ തഖ്വാ നിങ്ങളുടെ ഉള്ളിലുണ്ടെങ്കിൽ, അല്ലാഹുവിൽ ദൃഢ

വിശ്വാസമുണ്ടെങ്കിൽ, അവന്റെ ഏകത്വത്തിൽ ഈമാനും യഖീനുമുണ്ടെങ്കിൽ അല്ലാഹുവിന്റെ കല്പന അനുസരിച്ച് നിങ്ങൾ ജീവിക്കുക. അതെന്താണെന്നുവച്ചാൽ നിങ്ങളുടെ എല്ലാ ജോലികളുടേയും പര്യവസാനം എന്തായിരിക്കുമെന്ന് നോക്കുക. അല്ലാഹു നിങ്ങളുടെ എല്ലാ ജോലികളും എല്ലാ കർമങ്ങളും കണ്ടുകൊണ്ടിരിക്കുന്നുവെന്ന ദൃഢവിശ്വാസത്തിൽ നിലകൊള്ളുക. മനുഷ്യൻ ഇങ്ങനെ ചിന്തിക്കുമ്പോൾ ഓരോ ജോലിയും ചെയ്യുന്നതിന്റെ രീതിതന്നെ മാറിപ്പോകുന്നതാണ്. ഇക്കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹവും തന്നിൽ പതിച്ചുകൊണ്ടിരിക്കുന്നുവെന്ന് മനുഷ്യന് സ്വയം അനുഭവപ്പെടുകയും ചെയ്യുന്നു.

അല്ലാഹു ഇവിടെ ഫാസിഖ് എന്ന് പറഞ്ഞുകൊണ്ട് ഈമാനുണ്ടെന്ന് വാദിക്കുന്നവരോട്, അവർ ഭക്തിമാർഗത്തിൽ നടക്കുന്നില്ലെങ്കിൽ, സ്വന്തം നാളെയെക്കുറിച്ച് ചിന്തിക്കുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ പിന്നീട് ദുർമാർഗികളിൽ എണ്ണപ്പെടുമെന്ന് വ്യക്തമായും പറഞ്ഞിരിക്കുന്നു; അതായത് അല്ലാഹു സ്ഥാപിച്ചിട്ടുള്ള പരിധികളെ ലംഘിക്കുന്നവർ, പാപങ്ങളിൽ അകപ്പെട്ടു കഴിയുന്നവർ, അനുസരണത്തിൽനിന്ന് പുറത്തു പോകുന്നവർ, സത്യത്തിൽനിന്ന് അകന്നുപോകുന്നവർ. അതുകൊണ്ട് നമ്മൾ ആത്മപരിശോധന നടത്തുന്നില്ലെങ്കിൽ നമ്മുടെ കർമങ്ങൾ അല്ലാഹു പറഞ്ഞിട്ടുള്ള നിലവാരത്തിലുള്ളതാണോ എന്ന് ഉരച്ചുനോക്കുന്നില്ലെങ്കിൽ ധാരാളം ഭയപ്പെടേണ്ട സ്ഥാനമാണത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഈ ഭാഗം വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'ബുദ്ധിമുട്ടുകൾ മനുഷ്യന് വരുന്നു. അവന് ഒരുപാട് ആവശ്യങ്ങളുമുണ്ട്. അശനപാനീയങ്ങൾക്ക് ആശ്രിതനാണ്. മിത്രങ്ങളുമുണ്ടാകുന്നു. ശത്രുക്കളുമുണ്ടാകുന്നു. എന്നാൽ, ഈ എല്ലാ അവസ്ഥകളിലും മുത്തഖികളുടെ ലക്ഷണം, അല്ലാഹുമായിട്ട് ഭിന്നിപ്പുണ്ടാകാതിരിക്കാൻ അവൻ ശ്രദ്ധിക്കുയും ഓർമിക്കുകയും ചെയ്യുന്നു എന്നതാണ്. അതായത് അല്ലാഹുവിനെ എപ്പോഴും അവൻ ഓർക്കുന്നു. സുഹൃത്തുക്കളെക്കാളും മറ്റു ഫലപ്രദമായ കാര്യങ്ങളെക്കാളും അല്ലാഹു മുന്തിനില്ക്കുന്നു. പിന്നീടു പറഞ്ഞു, ഉദാഹരണത്തിന് സുഹൃത്തിനെ വിശ്വസിക്കുകയാണെങ്കിൽ ആ സുഹൃത്ത് വിപത്ത് വരുന്നതിനു മുമ്പേ മരിച്ചുപോകാൻ സാധ്യതയുണ്ട്. അല്ലെങ്കിൽ വിപത്തുകളിൽ അകപ്പെട്ട് പ്രയോജനപ്പെടാതെയുമിരിക്കാം. പിന്നീട് ഭരണാധികാരിയെ വിശ്വസിക്കുകയാണെങ്കിൽ അയാൾക്ക് സ്ഥലമാറ്റമുണ്ടാകാൻ സാധ്യതയുണ്ട്. അങ്ങനെ അവനെ സഹായിക്കാൻ പറ്റാതെ വരാം. വിഷമങ്ങളിലും ബുദ്ധിമുട്ടുകളിലും ബന്ധുക്കളോ സ്നേഹിതന്മാരോ സഹായിക്കുമെന്ന് പൂർണമായും വിശ്വസിക്കുന്നവരുണ്ടാകാം. അല്ലാഹു ആവശ്യത്തിന്റെ നേരത്ത് അവർക്ക് സഹായിക്കാൻ പറ്റാത്തത്ര ദൂരത്ത് അവരെ കൊണ്ടുപോയെന്ന് വരാം.' പറഞ്ഞു:'അതുകൊണ്ട് ഒരു നിമിഷംപോലും അല്ലാഹുവിനെ ഉപേക്ഷിച്ചു കളയരുത്. അവനാണെങ്കിൽ ജീവിത്തിലും മരണത്തിലും നമ്മളിൽനിന്ന് വേർപെടാത്തവനാണ്. ജീവിതത്തിലും മരണത്തിലും അല്ലാഹുതന്നെയാണ് ഒപ്പമുണ്ടാകുക.' പറഞ്ഞു: 'അതുകൊണ്ട് അല്ലാഹു പറയുന്നു: 'അല്ലാഹുവുമായി പൂർണമായും ബന്ധം വിച്ഛേദിച്ചവരെപ്പോലെ നിങ്ങളാകരുത്. അതിന്റെ ഫലമായി നിങ്ങൾ ദുഃഖങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുകയില്ല. സുഖം പ്രാപിക്കുകയുമില്ല. എന്നല്ല നാലുഭാഗത്തുനിന്നും നിന്ദ്യതയുടെ അടികിട്ടുന്നതാണ്. **ആ നിന്ദ്യത നിങ്ങൾക്ക് സുഹൃത്തുക്കളിൽനിന്നുതന്നെ വരാനും സാധ്യതയുണ്ട്.** അല്ലാഹുവുമായി ബന്ധം വിച്ഛേദിക്കുന്നവർ ആരാണ്? അവർ ആജ്ഞാലംഘകരും കുറ്റവാളികളുമാണ്. അവരിൽ സത്യമായ ഈമാൻ ഉണ്ടാകുകയില്ല. അവർ ഈമാനിൽ പക്വതയില്ലാത്തവരാണെന്നുമാത്രമല്ല. അവർക്ക് അല്ലാഹുവിന്റെ സൃഷ്ടികളോട് അനുകമ്പയും ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ സൃഷ്ടികളോട് അനുകമ്പ കാണിക്കുകയുമില്ല. അതായത് അല്ലാഹുവിനോടുള്ള കടമയും നിറവേറ്റുകയില്ല. സൃഷ്ടികളോടുള്ള കടമയും നിറവേറ്റുകയില്ല. അതുകൊണ്ട് നമ്മളിൽ ഓരോരുത്തരും നമ്മുടെ കർമങ്ങൾ അല്ലാഹുവിന്റെ കല്പനകൾക്കനുസിച്ച് ചെയ്യാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ താൽക്കാലികമായ നേട്ടങ്ങൾക്കുപകരം നമ്മുടെ 'നാളെ'യിൽ ദൃഷ്ടി ഊന്നുക. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 06.03.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala